**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4387** **06-03-2023 - ൽ മറുപടിയ്ക്ക്**

**റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ? | (എ) | കോട്ടയം ജില്ലയിലെ വൈക്കം, കടത്തുരുത്തി നിയോജക മണ്ഡലങ്ങളിൽപ്പെടുന്ന വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഉൾപ്പെടുത്തി കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>രണ്ട് ഘട്ടങ്ങളായി പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായ കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ ഇന്റീരിയർ റോഡുകളുടെ നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെയും മറ്റ് സഹായ കെട്ടിടങ്ങളുടെയും നിർമ്മാണം, CETP, വെയർഹൗസ്, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം, R&D സെന്റർ, ടെസ്റ്റിംഗ് സെന്റർ, ബിസിനസ് ഇൻകുബേഷൻ സെന്റർ എന്നിവയുടെ നിർമ്മാണം, യൂട്ടിലിറ്റിയുടെയും മറ്റ് ഉപകരണങ്ങളുടെയും ഇൻസ്റ്റാളേഷൻ എന്നിവയുടെ ടെൻഡർ നടപടികൾ എന്നിവ നടന്നു വരുന്നു.<br><br>കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനത്തിനായി ഇതു വരെ 4,81,43,515.67 /- രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ